**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **06-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതിയിൽ നിലവിൽ എത്ര ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. കമ്പനി ലഭ്യമാക്കിയ ആശുപത്രികളുടെ പുതുക്കിയ ലിസ്റ്റിൽ 65 സ്വകാര്യ ആശുപത്രികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.** |
| (ബി) | സ്വകാര്യ മേഖലയിൽ പ്രസ്തുത പദ്ധതിയുമായി സഹകരിക്കാത്ത ആശുപത്രികൾ നിലവിലുണ്ടോ; | (ബി) | ചില സ്വകാര്യ ആശുപത്രികൾ പ്രത്യേകിച്ചും തിരുവനന്തപുരം നഗരപരിധിയിലെ ചില പ്രമുഖ **സ്വകാര്യ** ആശുപത്രികൾ പദ്ധതിയുമായി സഹകരിക്കുന്നതിന് വിമുഖത പ്രകടിപ്പിക്കുന്നുണ്ട്. |
| (സി) | എങ്കിൽ അത്തരം ആശുപത്രികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ? | (സി) | **പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. പ്രസ്തുത ആശുപത്രികളെ കൂടെ അടിയന്തിരമായി പദ്ധതിയുടെ ഭാഗമാക്കാൻ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ